# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
*ഫോൺ : 0471 2315156; ഫാക്സ് :0471 2315156;*
*ഇമെയിൽ: dcotdb@gmail.com*

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി 11/12/മിസ്-എ　　　　തിരുവനന്തപുരം 16/06/2018

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം- വാച്ചർ, പാർട്ട് ടൈം തളി, പാർട്ട് ടൈം കഴകം തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച്.

സൂചന- 1) ഈ ഓഫീസിലെ 22.01.2016 ലെ ആർ.ഒ.സി.11/12/മിസ്.എ, ആർ.ഒ.സി.13488/12/മിസ്.സി നമ്പർ ഉത്തരവ്.

2) റിട്ട് അപ്പീൽ 1011, 1085, 1318/2016, റിട്ട് പെറ്റിഷൻ 9473, 12706, 19096, 19904, 20962, 22099, 25801, 29258, 35076, 36475, 37789/2016, 22483/2017 എന്നീ കേസുകളിലെ 27.11.2017 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം.

3) ഈ ഓഫീസിലെ 27.04.2018 ലെ മേൽ നമ്പർ ഉത്തരവ്.

4) ഈ ഓഫീസിലെ 30.04.2018 ലെ മേൽ നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വാച്ചർ, പാർട്ട് ടൈം തളി, പാർട്ട് ടൈം കഴകം എന്നീ തസ്തികകളിൽ സൂചന (1) പ്രകാരം നടത്തിയ നിയമനത്തിനെതിരെ ഏതാനും ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസുകളിന്മേൽ സൂചന(2) ആയി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ നടപടി ഉത്തരവ് സൂചന (3) ആയി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ലിസ്റ്റിൽ നിന്നും പുറത്താകുന്ന ഉദ്യോഗാർത്ഥികളെ, 08.07.2015 ന് ശേഷം അതത് തസ്തികകളിൽ ഉണ്ടായ ഒഴിവുകളിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് വഴി സ്ഥിര നിയമനം നടത്തുന്ന കാലയളവ് വരെ ദിവസവേതനാടിസ്ഥാനത്തിൽ അതാതു ദേവസ്വങ്ങളിൽ താല്കാലികമായി തുടരുന്നതിന് അനുവദിച്ച് സൂചന (4) ആയി ഉത്തരവ് നൽകിയിരുന്നു.

*"Needless to say until fresh orders are passed in the matter, the 74 candidates already appointed shall be allowed to continue in service on a provisional basis on daily wages. If in implementation of the directions issued in this judgement any one among the 74 persons already appointed is required to be thrown out, it will be open to the Board to retain them in service on a provisional basis on daily wages pending recruitment against vacancies which have arisen after 8.7.2015."* എന്ന ബഹു.ഹൈക്കോടതിയുടെ സൂചന (2) വിധിന്യായത്തിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അതാത് ദേവസ്വങ്ങളിൽ താല്കാലികമായി തുടരുന്നതിന് അനുവദിച്ച സൂചന (4) ഉത്തരവ് ഭേദഗതി ചെയ്ത് **'*ടി ജീവനക്കാരെ 08.07.2015 ന് ശേഷം അതത് തസ്തികകളിൽ ഉള്ള ഒഴിവുകളിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി സ്ഥിരനിയമനം നടത്തുന്ന കാലയളവ് വരെ ദിവസവേതനാടിസ്ഥാനത്തിൽ താല്കാലികമായി തുടരുന്നതിന് അനുവദിച്ച്*'** എന്ന് ഉത്തരവാകുന്നു.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ് -

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
   ആറന്മുള, ഹരിപ്പാട്, കരുനാഗപ്പള്ളി, തിരുവനന്തപുരം, നെയ്യാറ്റിൻകര, തിരുവല്ല ,പറവൂർ, കൊട്ടാരക്കര , വർക്കല
3. ഇ.ഡി.പി സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫെയർ ഓഫീസ് കോപ്പി

Gayathri

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)